**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2142** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ഐ.ആർ.ബി. റിക്രൂട്ട്മെന്റ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** G.O.(Ms)No.70/2025/HOME ഉത്തരവിൽ പറയുന്ന പ്രകാരം ഐ.ആർ.ബി. (ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ) റിക്രൂട്ട്മെന്റ് പ്രക്രിയ ചെലവേറിയതാണെന്ന് സർക്കാർ തന്നെ നിരീക്ഷിച്ച സാഹചര്യത്തിൽ, പുതിയൊരു വിജ്ഞാപനം ഇറക്കുന്നത് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** 2024 മെയ് 23-ന് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 2026 മെയ് മാസത്തിൽ അവസാനിക്കാനിരിക്കെ, സ്വാഭാവിക ഒഴിവുകളുടെ അഭാവം മൂലം എഴുന്നൂറിലധികം ഉദ്യോഗാർത്ഥികൾക്ക് ജോലി നഷ്ടമാകുന്നത് ഒഴിവാക്കാൻ 2029, 2030 വർഷങ്ങളിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി നിലവിലെ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഇന്ത്യാ റിസർവ്വ് ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ കമാൻഡോ തസ്തികയിൽ 2026 വരെ കെ.സി.പി ട്രാൻസ്ഫർ മുഖേന ഉണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി താൽക്കാലിക പരിശീലന തസ്തികകളിലേക്കുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും 01.01.2026 വരെ ആകെ 341 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുമുണ്ട്. റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

**സെക്ഷൻ ഓഫീസർ**